നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾക്ക് എതിരായി 14.5.99-ൽ കേരള എം.ഫാം സ്റ്റുഡന്റ്സ് ഫോറം നിവേദനം സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം ഫാർമസി കോളേജ് മേധാവിയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം എം.ഫാം വിദ്യാർത്ഥികൾക്ക് 29.4.99-ൽ നൽകിയ ഡ്യൂട്ടികൾ നടപ്പാക്കുന്നത് നിർത്തി വയ്ക്കാൻ 28.6.99-ൽ ഫാർമസി കോളേജ് മേധാവിക്ക് മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ)&(എഫ്) ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

143 (1747) മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ എത്ര;

(ബി) ഇവരിൽ പൊതുവിഭാഗത്തിൽ (മെരിറ്റിൽ) തെരഞ്ഞെടുക്കപ്പെട്ട മുസ്ലീം വിദ്യാർത്ഥികൾ എത്ര;

(സി) സംവരണ ആനുകൂല്യം നൽകി തെരഞ്ഞെടുക്കപ്പെട്ട മുസ്ലിം വിദ്യാർത്ഥികൾ എത്ര?

ഉത്തരം

(എ)-(സി) 1999-ൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സിലേക്കുള്ള പ്രവേശനപ്പരീക്ഷയുടെ പൂർണ്ണമായ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവേശനത്തിനുള്ള ഇന്റർവ്യൂ 28.12.99-ൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നത് മാറ്റിവച്ചിരിക്കുകയാണ്. ലക്ചറർ കാറ്റഗറിയിലേക്ക് മാത്രമേ ഇപ്പോൾ പ്രവേശനം നൽകിയിട്ടുള്ളൂ.

144 (1748) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രണ്ടാംഗ്രേഡ് ആശുപത്രി അറ്റൻഡർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇപ്പോൾ ഈ തസ്തികയിൽ ജോലി ചെയ്യുന്ന വിധവകളും വികലാംഗരുമായ താൽക്കാലിക ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 676 ഒഴിവുകൾ ഉള്ളതായി ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഈ തസ്തികകളിലേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നുണ്ട്.

(ബി)&(സി)ആരോഗ്യവകുപ്പിൽ പാർട്ട്-ടൈം സ്വീപ്പർമാരുടെ പ്രമോഷൻ തസ്തികയാണ് ആശുപത്രി അറ്റന്റർ ഗ്രേഡ്-2. ആയതിനാൽ ടി തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി. മുഖേനയല്ല നികത്തപ്പെടുന്നത്.

145 (1749) മെഡിക്കൽകോളേജിലെ ഒഴിവ് നികത്താൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഒഴിവുകൾ നികത്തുവാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണോ അവ നികത്തുവാൻ കാലതാമസം ഉണ്ടാകുന്നത് എന്ന് വിശദീകരിക്കുമോ;

(ഡി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) പി.എസ്.സി. നിയമനം നടക്കുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്)രോഗികളുടെ തിരക്കിനനുസരിച്ച് സേവനം ലഭ്യമാക്കുവാൻ എത്രയുംവേഗം ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി)-(എഫ്)പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. എന്നാൽ നിയമനം ലഭിക്കുന്നവരിൽ ചിലർ ഉപരിവിദ്യാഭ്യാസം നടത്തുന്നവരാണെങ്കിൽ, അങ്ങനെയുള്ള തസ്തികകൾ നികത്തുവാൻ കാലതാമസം അനുഭവപ്പെടാറുണ്ട്. കൂടാതെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അംഗീകരിച്ച യോഗ്യതയുള്ള ഡോക്ടർമാരുടെ അഭാവത്തിൽ ഉയർന്ന തസ്തികകൾ നികത്താൻ ചിലപ്പോൾ താമസം ഉണ്ടാകാറുണ്ട്. പി.എസ്.സി ലിസ്റ്റ് ഇല്ലാത്ത തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താറുണ്ട്.

സ്വീപ്പർമാരുടെ പ്രമോഷൻ തസ്തികയാണ് ഹോസ്പിറ്റൽ അറ്റൻഡന്റ്. പി.എസ്.സി. മുഖേന ഈ തസ്തികയിലേയ്ക്ക് നിയമിക്കുവാൻ കഴിയുകയില്ല. പ്രസ്തുത തസ്തികയിലേയ്ക്ക് സ്വീപ്പർമാരുടെ ഓപ്ഷൻ ഇപ്പോൾ കുറവായതിനാൽ അറ്റൻഡന്റുമാരുടെ തസ്തിക പലതും ഒഴിവു വരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly